# പാട്ടുപുസ്തകം

56



# മറിയക്കുട്ടി

---

| നടന്മാർ | നടികൾ |
| --- | --- |
| പ്രേംനസീർ | കുമാരി |
| തിക്കുറിശി | ശാന്തി |
| കൊട്ടാരക്കര | കുശലകുമാരി |
| ററി. എസ്. മുത്തയ്യാ | ആറൻമുള പൊന്നമ്മ |
| എസ്. പി. പിള്ള | പങ്കജവല്ലി |
| ബഹദൂർ | തങ്കം |
| നാണുക്കുട്ടൻ | രഞ്ജിനി മുതലായവർ |
| ഏബ്രഹാം ജോസഫ് | |
| സോമൻ മുതലായവർ | |

സ്ററുഡിയോ: **മെരിലാൻഡ്**

ഡയറക്ഷൻ: **സുബ്രഹ്മണ്യം**

കഥ, സംഭാഷണം: മുട്ടത്തു വർക്കി
ഗാനങ്ങൾ: തിരുനയിനാർ കുറിച്ചി
സംഗീതം: ബ്രദർ ലക്ഷ്മണൻ
അസിസ്റ്റൻറ് ഡയറക്ഷൻ: സുകുമാർ
പ്രൊഡക്ഷൻനിർവ്വഹണം: മണി

---

K. R. BROTHERS PRINTING WORKS, CALICUT.

# ★ കഥാസാരം ★

പ്രശാന്തരമണീയമായ നാട്ടുപുറം. കൃഷിക്കാരൻ ചാക്കോയും ഇരുമ്പു ചതയ്ക്കുന്ന കൊല്ലൻ നാണുവും, ചാക്കും പാട്ടയും കച്ചവടം ചെയ്യുന്ന കാസിൻബാവായും കൂലിവേലക്കാരനായ ഇട്ട്യാതിപ്പറയനും, പാടത്തു വിയർപ്പു ചിന്തുന്ന കോരച്ചുട്ടനും എല്ലാം ഒരേയൊരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ ജീവിച്ചുപോന്നു. ആ ഗ്രാമത്തിന്റെ സ്വച്ഛതയെ ധനമോഹിയായ മാത്താ മുതലാളിയും അയാളുടെ പിണിയാളായ ചെരാനാക്കൻ തൊമ്മയുംകൂടി ഇടക്കിടെ ഭഞ്ജിച്ചുകൊണ്ടിരുന്നു. മുതലാളിത്തത്തിനെതിരായി ശബ്ദമുയർത്തിയ ചാക്കോയെ കെണിയിലകപ്പെടുത്തുന്നതിന് അവർ തക്കം പാർത്തിരിക്കുകയായിരുന്നു.

കോരച്ചുട്ടന്റെ മകളായ മറിയക്കുട്ടിയും കർഷകനേതാവായ ചാക്കോയും തമ്മിൽ പ്രണയബദ്ധരായിരുന്നു.

പക്ഷെ, അവിചാരതമായി ഓടിയെത്തിയ ഒരു കൊടുങ്കാറ്റ് അവരെ എന്നെന്നേക്കുമായി വേർപെടുത്തിക്കളഞ്ഞു. പട്ടണത്തിലെ വർത്തകപ്രമാണിയായ കുറുവച്ചൻ ഒരുച്ചതിരിഞ്ഞ സമയം കാറിനു തകരാറു പറ്റിയതുനിമിത്തം ആ വഴി വന്നു. യാദൃച്ഛികമായിട്ടാണ് അദ്ദേഹം മറിയക്കുട്ടിയെ കണ്ടത്. തന്റെ പുത്രനായ പാപ്പച്ചനെ അവന്റെ ദുർനടപടികളിൽനിന്ന് രക്ഷിക്കുന്നതിന് സൽസ്വഭാവിയായ ഒരു ഭാര്യയ്ക്കു കഴിയും എന്ന് അദ്ദേഹം അനുമാനിച്ചു. അദ്ദേഹം ആ വിവരം കോരച്ചുട്ടനെ അറിയിച്ചു. പാവപ്പെട്ട കോരച്ചുട്ടന് അതു വിശ്വസിക്കാൻ കഴിഞ്ഞില്ല.

പിന്നെ അതങ്ങനെതന്നെ സംഭവിച്ചു. മറിയക്കുട്ടിയുടെ കണ്ണുനീരോടുകൂടിയ എതിർപ്പിനെ കോരച്ചുട്ടൻ കൂട്ടാക്കിയില്ല. പക്ഷെ, അയാൾ പ്രതീക്ഷിച്ചതുപോലെ അത്ര ശുഭകരമായിരുന്നില്ല ആ വിവാഹം. മറിയക്കുട്ടിയാകട്ടെ ദൈവനിശ്ചയത്തിനു പരിപൂർണ്ണമായി കീഴ്‌വഴങ്ങി. അവൾ അവളുടെ ഭർത്താവിനെ പൂർണ്ണഹൃദയത്തോടെ സ്നേഹിച്ചു. എന്നാൽ പാപ്പച്ചന് അവളെ സ്നേഹിക്കാൻ കഴിഞ്ഞില്ല. ബിയാട്രീസ് എന്ന സുന്ദരിയായ ഒരു ഡാൻസുകാരിയുടെ വലയിൽ കുടുങ്ങിപ്പോയി കോരച്ചുട്ടനോട്

ഒടുങ്ങാത്ത പകയുള്ള ചെറവനാക്കൻ പലതരത്തിലുള്ള ഏഷണിയും പാപ്പച്ചനെ പറഞ്ഞുകേൾപ്പിച്ചു അവനതെല്ലാം വിശ്വസിക്കുകയും ചെയ്തു. അവൻ മറിയക്കുട്ടിയെ വിഷംപോലെ വെറുത്തു.

മദ്യവും മദാലസയും ദുഷിച്ച കൂട്ടുകെട്ടും പാപ്പച്ചനെ വഴിപിഴപ്പിച്ചു. അവൻ പാപ്പരായി. കുറവച്ചൻ അവനെ സഹായിച്ചില്ല. ഒടുവിൽ മറിയക്കുട്ടി അവനെ സമീപിച്ചു. തന്റെ പിതാവിന്റെ വസ്തുവിററ് പണം തരാമെന്ന് അവൾ വാഗ്ദാനം ചെയ്തു ആ വാഗ്ദാനം അവൻ ഒട്ടും പ്രതീക്ഷിച്ചിരുന്നില്ല ക്രമേണ അവൻ അവളെ സ്നേഹിച്ചു. മറിയക്കുട്ടിയുടെ കണ്ണുനീർതോൻറ ചെറവനാക്കന്റെ നാക്കു വിശ്രമിച്ചില്ല. മറിയക്കുട്ടിയേയും ചാക്കോയേയും പററി അയാൾ വീണ്ടും ചില നുണകൾ പാപ്പച്ചനെ പറഞ്ഞുകേൾപ്പിച്ചു. കഷ്ടകാലവിശേഷമെന്നേ പറയേണ്ടു പാപ്പച്ചൻ വീട്ടിലെത്തുമ്പോൾ കണ്ടകാഴ്ച ചാക്കോയും മറിയക്കുട്ടിയും മുററത്തുനിന്നു സംസാരിക്കുകയായിരുന്നു. ശുദ്ധഗതിക്കാരിയായ പെണ്ണമ്മ, ചാക്കോയുടെ അമ്മയേല്പിച്ച പലഹാരം ചാക്കോ മറിയക്കുട്ടിക്കു കൊടുക്കുകയായിരുന്നു. പരസ്പരം കാണാൻ അവർ രണ്ടുപേരും ആഗ്രഹിച്ചിരുന്നില്ല. പക്ഷെ പാപ്പച്ചന്റെ ഉള്ളിൽ എരിഞ്ഞടങ്ങിയിരുന്ന സംശയങ്ങൾ അതോടെ ആളിക്കത്തി. അവൻ മറിയക്കുട്ടിയെ കഠിനമായി ശാസിക്കുകയും പ്രഹരിക്കുകയും ചെയ്തു. തന്റെ നിഷ്കളങ്കതയെ തെളിയിക്കാൻ മറിയക്കുട്ടി ശ്രമിച്ചു, പക്ഷെ ഫലിച്ചില്ല

ഗർഭിണിയായിരുന്ന മറിയക്കുട്ടി അവളുടെ വീട്ടിലേക്ക് പ്രസവിക്കുന്നതിനായി പോയവഴി അവൾ ബിയാട്രിസിനെ കണ്ടു ശത്രുവായിട്ടല്ല. സഹോദരിയായിത്തന്നെ. അവൾ തന്റെ നിഷ്കളങ്കത ആ അഭിസാരികയെ അറിയിച്ചു.

ദിവസങ്ങൾ കടന്നുപോയി. ആ കൂടിക്കാഴ്ച ബിയാട്രിസിന്റെ ഉള്ളിലൊരു പരിവർത്തനം സൃഷ്ടിച്ചു. തന്റെ പാപങ്ങളെപ്പററി അവൾക്കു ബോധമുണ്ടായി. അവൾ പാപ്പച്ചനെ ഗുണദോഷിച്ചു. ഇണങ്ങിയും പിണങ്ങിയും

പാപ്പച്ചനിൽ പശ്ചാത്താപത്തിന്റെ വെള്ളിരേഖ പ്രകാശിച്ചു. അവൻ മറിയക്കുട്ടിയെ ചെന്നുകണ്ടു അവൾ പൂർണ്ണഗർഭിണിയായിരുന്നു.

അവന്റെ പശ്ചാത്താപം അവളുടെ എല്ലാ ദുഃഖങ്ങളേയും മായ്ച്ചു കളഞ്ഞു. താൻ മേലാൽ കുടിക്കയില്ലെന്നും വസ്തുവിന്റെ പണവുമായി അന്നു തന്നെ തിരിച്ചുവരാമെന്നും വാഗ്ദാനം ചെയ്തിട്ട് അവൻ പട്ടണത്തിലേക്ക് മടങ്ങി. കോരച്ചേട്ടന്റെ വസ്തു വാങ്ങിച്ച പൊന്നച്ചനെ അവൻ ചെന്നു കണ്ടു. പാപ്പച്ചന്റെ ഇഷ്ടത്തിനു വിപരീതമായി പൊന്നപ്പച്ചൻ അവനു മദ്യം കൊടുത്തു. കുടിക്കാൻ അവനെ നിർബന്ധിച്ചു അതൊരു സമാപനക്കുടിയായി അവൻ വ്യാഖ്യാനിച്ചു ചാരായക്കുപ്പികൾ കാലിയായി ഒഴിഞ്ഞു. ആകാശവും ഭൂമിയും അവന്റെ മുന്നിൽ പമ്പരം കറങ്ങി കണ്ണിൽ ഇരുൾ കയറി അടഞ്ഞു ലഹരി ഒതുങ്ങാത്ത കൊടുംപിരിക്കൊള്ളലിൽ അവന് ഒരു ഭ്രാന്തന്റെ ധൈര്യം കിട്ടി അവൻ തന്നെ കാറോടിച്ചു ആ കൂരിരുട്ടിനെ കീറിപ്പിളർന്നുകൊണ്ട് ഒരു കിറുക്കനെപ്പോലെ കാറ് ഉഴറിപ്പായുകയാണ്. ഇരുവശങ്ങളിൽ നിന്നിരുന്ന മരങ്ങളും ചെടികളും പേടിച്ചു വിറച്ചു. നക്ഷത്രങ്ങൾ കണ്ണടച്ചു കാറ്റുപോലും അവിടെ ചലിച്ചില്ല. ആ കാറ് നേർവഴി കാണുന്നില്ല.

അതേസമയം മറിയക്കുട്ടിയുടെ വീട്ടിൽ അവൾക്ക് പ്രസവവേദനയാണ്. ജീവിതവും മരണവുമായി മത്സരിക്കുന്ന ഒരു ദശാസന്ധിയാണല്ലോ പ്രസവം. സമയം അതിക്രമിക്കുന്നു. പത്തുപെറ്റ പെണ്ണുങ്ങളും പതിച്ചിയും അമ്പരക്കുകയാണ് കോരച്ചേട്ടന്റെ ഹൃദയത്തിൽ ഉൽക്കണ്ഠയുടെ വേലിയേറ്റം കൊള്ളുന്നു. വീണ്ടും നിമിഷങ്ങൾ നീങ്ങുകയാണ്.

...ശേഷം വെള്ളിത്തിരയിൽ...

# ... മറിയക്കുട്ടി പാട്ടുകൾ ...

## ഗാനം ഒന്ന്

മറിയക്കുട്ടി — പാടിയത്: രേവമ്മ

പുന്നാരപ്പൊന്നുമോളേ! പൂവാലിപ്പെൺകൊടി
എണ്ണക്കറുമ്പി നീ എന്തുവേണം ചൊല്ലെടി—
പുല്ലുതരാം നെല്ലുതരാം പുഞ്ചക്കതിരുതരാം.
പുഞ്ചക്കതിരുതരാം
പൊൻകുടത്തിൽ നീരുതരാം പോരെങ്കിൽ ചൊല്ലെടി
പോരെങ്കിൽ ചൊല്ലെടീ — നീ പോകാതെ നില്ലെടി —

## ഗാനം രണ്ട്

കൊല്ലന്മാർ

കട്ടിയിരുമ്പെടുത്ത് കാച്ചി വളച്ചടിച്ച്
കിട്ടിയ മുതലെന്ത് --- ചൊല്ല് ചൊല്ല്
കട്ടയുടച്ചിടും മൺ വെട്ടിയും കലപ്പയും
ഇഷ്ടമായ് പണിതീർത്തു നമ്മളല്ല്
നട്ടെല്ല് വളയാതെ – നമ്മെപ്പോൽ തളരാതെ
നാട്ടിനു പണിയുന്നോരുണ്ടോ ഉണ്ടോ
പട്ടറയിൽനിന്ന് പട്ടയും ചുറി വന്ന്
പട്ടണം പോണ വണ്ടി കണ്ടോ, കണ്ടോ

**പണിക്കാരൻ:**

തൂവെള്ളിപ്പൂവണിയും സുന്ദരവണ്ടി ഇതു
തുള്ളിത്തുള്ളിയോടിവരും നാട്ടകം താണ്ടി
കൊല്ലത്തു നട്ടകൊടി
കൊച്ചിയിൽ വളർന്ന് — അതു
കൊയിലാണ്ടിലങ്ങാടിക്കൊണ്ടുപോകണം
ഇന്നു കൊണ്ടുപോകണം

## ഗാനം മൂന്ന്

**ബിയാട്രീസ്:**

പൂങ്കുയിൽ പാടിടുമ്പോൾ പൂന്തെന്നൽ പുൽകിടുമ്പോൾ
പൂവല്ലികൾ പുളകം പൂണ്ടിടുന്നതെന്തിനായ്
വണ്ടിനങ്ങൾ പാടി വട്ടമിട്ടുകൂടി — മലർ
ച്ചെണ്ടുകളിൽ തേൻകുടിപ്പതെന്തിനായ്
ഏതോ മനോഹരമാം പൊന്നിൻകിനാവുകളിൽ
എന്നോമൽ മാനസം ആശകൊൾവതെന്തിനായ് —
ആരുമറിയാതെയൊരുമാരൻ കടന്നുവന്ന്
അറിയാതെയെന്നുള്ളിൽ വാണിടുന്നതെന്തിനായ്
പ്രേമമയാരാമത്തിൽ ഞാനുമൊരു പൂവിതളായ്
ഞാനുമൊരു പൂങ്കാളായ് യുവറാണിയായ്
പൊട്ടിച്ചിരിക്കുമൊരു മോഹനജീവിതം
കെട്ടിപ്പിടിച്ചിടും ഞാനീവിധം (പൂ)

## ഗാനം നാല്

**അശരീരി;**

മായാമിദലോകം മായുമീശോകം
നീയതിൽ വെറുതേ ഖേദമിയലരുത ...(മാ)

ഈ മരത്തിൻ പൂന്തണലിൽ പ്രേമഗാനം കേൾക്കയില്ലാ
പാടത്തിൻെറ പൊൻവരമ്പിൽ മാടത്തക്കിളി പാടുകില്ലാ
നീളെ നീളെ ശൂന്യമായി നീണ്ടവയലും നീലമലയും
നിൻെറ കണ്ണിൽ ഇരുൾ നിറഞ്ഞു
നിൻ കിനാവുകൾ പോയ് മറഞ്ഞു
അംബലപ്പൂമടയൊന്നിൽ അമ്പിളിക്കലമിന്നിടട്ടെ
ആയതുകണ്ടാസ്വദിപ്പാൻ ആരുനീയതാഗ്രഹിപ്പാൻ
നിൻെറ മോഹം — നിൻെറ ദേഹം
നിൻമനസ്സിൽ നിറയും സ്നേഹം
നീ മയങ്ങുമീമണ്ണിൽ പ്രേമപൂജയ്ക്കു കിടാവൂ — (മാ)

## ഗാനം അഞ്ച്

ബിയാട്രീസ്-പാപ്പച്ചൻ

കരളിൽ കനിയും രസമേ! - എൻ കണ്ണിൽ വിലാസമാട്ടൂ
ഇരുളിൽ തെളിയും കതിരേ! - ഒരു ഇൻപക്കിനാവു പാട്ടൂ —
മാനത്തുയരും ശശിലേഖേ! ഈ — മണ്ണിലണഞ്ഞൊരു മാലാഖേ!
മാനഞ്ഞൊന്നെൻ മനമാകെ - നാം — പറന്നു വിണ്ണിൽ പോകെ (ക)
ആനന്ദത്തിൽ മധുവായ് - നിൻ അരികെ നവമൊരുവധുവായ്
വസന്തമധുരിമയേകിടാനായ് ഹൃദന്തമരുളുക നാഥാ! (ഇരു)
നിന്മിഴിയിൽ ഞാൻ കൂടിയാൽ-ആ
കൺപോളകൾ ഞാൻ മൂടിയാൽ
നിദ്രകവന്നതിൽ വാഴും-ഞാൻ
നൃത്താ ചെല്ലത്തിൽ വീഴും
പ്രണയമനോഹരജീവിതമദ്ധ്യം-പകരുക പകരുക യൗവനമേ! (ക)

## ഗാനം ആറ്

റൂബി:

കൂട്ടിലൊരു തത്തമ്മ കാത്തിരിക്കുന്നേ-തൻെറ
കൂട്ടുകാരൻ വരുംവഴി പാർത്തിരിക്കുന്നേ (കൂ)

കൂട്ടരെല്ലാം പിരിഞ്ഞ് പാട്ടുപാടാൻ മറന്ന്
വട്ടമൊന്നു കലർന്നിതാ വന്നിരിക്കുന്നേ- (ക്രു)
ചേട്ടനിപ്പോൾ വരും-നിന്റെ ഇഷ്ടമെല്ലാം തരും-ആ
നോട്ടമൊന്നു കാണുന്നേരം-ആളു മാറും
ആളു മാറും-നാത്തൂനാകെ മാറും
പട്ടും പൊന്നും വാങ്ങിത്തരും പാവക്കുട്ടി വാങ്ങിത്തരും
കെട്ടിലമ്മ നിൻമുടിയിൽ കെട്ടിത്തരും പൂമാല- (ക്രു)
കുഞ്ഞുപാവയെന്നു കേട്ടാൽ നടുക്കമെന്തിന്-ഒരു
കുരുന്നു കാൽ കാണാനി തിടുക്കമെന്തിന്
ഒന്നു മറവില്ലയെങ്കിലെന്തിനു നാണം
ഒന്നു ചിരിക്കാൻ നാത്തൂനെന്തുവേണം (ക്രു)
പുത്തൻ മണവാട്ടിയുടെ പുന്നാരപ്പുഞ്ചിരിയിൽ
ചിത്തം മയങ്ങിടുമെൻ ചേട്ടൻ വരുമ്പോൾ
പാട്ടും കൂത്തും തന്നെ പിന്നെ
വീട്ടുജോലി നോക്കാനി പാവമെന്നെയിട്ടേച്ചു
പോകരുതേ നീ-പാട്ടിനു പോകരുതേ-നീ (ക്രു)

## ഗാനം ഏഴ്

മറിയക്കുട്ടിയും കൂട്ടരും: (പ്രാർത്ഥന)

ഈശോ പുത്രനേ, വാ, ഏത്തനാഥാ! ദേവാ!
ഈ ഗൃഹത്തിലെ ഇരുൾ മാറ്റുവാൻ നീ കനിയേണമേ! (ഈ)
കന്നിമറിയമേ കാത്തുകൊള്ളണമേ
ഉണ്ണിയീശോയെ മന്നിന്നു നൽകിയ പുണ്യമാതാവേ (ഈ)
ഏഴകൾക്കുലകിൽ എന്നുമാശ്രയമേ!
ഏതുകുറവും നീ പൊറുത്തെങ്ങളിൽ പ്രീതികൊള്ളണമേ
പാപം ചെയ്തവരെ പാരിൽ വീണ്ടെടുപ്പാൻ
ക്രൂരമായൊരു മുൾക്കിരീടം ചൂടി ക്രൂശിലേറുന്നവനേ! (ഈ)

## ഗാനം എട്ട്

മറിയക്കുട്ടി

വരുമോ, ഇരുളുമാറി പുലർകാലം മന്നിൽ ഇനിമേൽ (വ)
പ്രാണശരണമേതിൽ കനിയാതെ പണമെന്തിനി പദവിയാകെ
മണിമേടതന്നിൽ മരുവിടാൻ-എൻ മാനസം കൊതിച്ചില്ലാ-
വരുമോ വസന്തമിനിമേൽ- (വ)
ഉല്ലാസ നിദ്രതൻ മാറിൽ-എല്ലാം മയങ്ങുമീ രാവിൽ
ഇരുളിങ്കൽ വാഴ്‌വു ഞാൻ താതാ,
ഇലവു കാക്കുന്ന കിളിപോലെ-വരുമോ വസന്ത മിനിമേൽ- (വ)

## ഗാനം ഒൻപത്

മറിയക്കുട്ടി:

മനം നൊന്തു ഞാൻ പെററ മംഗല്യമേ! എന്റെ
മണിമുററത്തഴകിട്ട മാണിക്യമേ!
അണയാത്ത മഴവില്ലേ – ആനന്ദച്ചെപ്പല്ലേ
അഴകിന്റെയഴകല്ലേ നീയുറങ്ങ് (മ)
ഇരുളും മൂടിയെന്നാലും ജീവിതത്തിൽ-തങ്ക
ത്തിരിയൊന്നു തന്നു നീ തമ്പുരാനേ!
ഇണയറേറാളെന്നാലും ഇനിയെനിക്കെന്നാളും
തുണ നല്ലൊരു തങ്കമേ! നീയുറങ്ങ് (മ)
നിനയ്ക്കാതെയിരിക്കുമ്പോൾ നിറയും കാട്ടിൽ--നമ്മെ
തനിച്ചാക്കി നിന്നച്ചൻ പിരിഞ്ഞുപോയി
നിനക്കായി ഞാനും എനിക്കായി നീയും-ഈ
നിലയ്ക്കാത്ത കടൽ കാണ്ടാൻ നീയുറങ്ങ് (മ)
കുരുന്നുകാലടിവെച്ച് വിരുന്നുവന്നു കൊഞ്ചി-
ക്കുഴഞ്ഞെന്റെ ജീവനിൽ കുളിർചൊരിഞ്ഞു
ഒരു പുത്തൻ ലോകത്തിൽ ഉയരും നാം വേഗത്തിൽ
ഒരിക്കലും ശോകത്തിൽ പതിച്ചിടാതെ
ഓമനപ്പൈതലേ! നീയുറങ്ങ്

PRASAD MUSIC BOOKS
M. C. ROAD, KOTTAYAM-1
KERALA STATE